**പതിമൂന്നാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 7358 | 17.07.2012 ൽ<br>മറുപടിക്ക് |

<u>സാമൂഹിക സാമ്പത്തിക ജാതി സെൻസസ്</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് നടന്നുവരുന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | എ) | സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേഷൻ പ്രവർത്തനം 99 ശതമാനം പൂർത്തിയായിട്ടുണ്ട്. സൂപ്പർവിഷൻ, അപ് ലോഡിംഗ് ജോലികൾ അവസാനഘട്ടത്തിലാണ്. |
| ബി) | ഇതിന്റെ കരട് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) | നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സർവ്വറിലേയ്ക്ക് അപ് ലോഡിംഗ് പൂർത്തിയായാൽ ഉടൻ തന്നെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. ഒരു മാസത്തിനകം പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| സി) | ഈ ലിസ്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | പന്ത്രണ്ടാം പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, നഗര/ഗ്രാമ വികസനത്തിന് വേണ്ടി പുതിയ കേന്ദ്രപദ്ധതികൾ ആവിഷ്കരിക്കുന്നതിനും നിലവിലുള്ളവ കൂടുതൽ കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ടു കൊണ്ടാണ് ഭാരതസർക്കാർ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ